## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **24-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.-യിലെ വിരമിച്ച ജീവനക്കാരുടെ ഇ.പി.എഫ്. പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.-യിലെ വിരമിച്ച ജീവനക്കാർക്ക് 04.11.2022-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളത്തിന് ആനുപാതികമായി ഉയർന്ന ഇ.പി.എഫ്. പെൻഷൻ നിശ്ചയിക്കുന്നതിനായി അവരുടെ വേതനം /ശമ്പള വിവരങ്ങൾ ഇ.പി.എഫ്.ഒ. നിർദേശിച്ചിരുന്ന സമയപരിധിക്കുള്ളിൽ തന്നെ ഇ.പി.എഫ്. സൈറ്റിലേക്ക് അയച്ച് കൊടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | 2016-21 കാലയളവിനുള്ളിൽ വിരമിച്ച കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് 2012-17 കാലത്ത് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന് ആനുപാതികമായ ശമ്പള വർദ്ധനവ് അടിസ്ഥാനമാക്കിയുള്ള യഥാർത്ഥ ശമ്പള വിവരങ്ങൾ ഇ.പി.എഫ്. നിഷ്കർഷിട്ടുള്ള രീതിയിൽ അയച്ചുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; |
| (സി) | കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് അർഹമായ ഉയർന്ന ഇ.പി.എഫ്. പെൻഷൻ നിഷേധിക്കപ്പെടാൻ ഇടയാകുന്ന തരത്തിൽ ജീവനക്കാരുടെ യഥാർത്ഥ ശമ്പള വിവരങ്ങൾ (ശമ്പള പരിഷ്കരണം അടക്കം) ഇ.പി.എഫ്.ഒ.-യ്ക്ക് കൈമാറുന്നതിൽ കെ.എസ്.എഫ്.ഇ. യുടെ ഭാഗത്ത് നിന്നും വീഴ്ച്ച സംഭവിച്ചത് സംബന്ധിച്ച് സർക്കാരിനോ കെ.എസ്.എഫ്.ഇ. യ്ക്കോ പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | വിരമിച്ച കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ യഥാർത്ഥ ശമ്പള വിവരങ്ങൾ ഇ.പി.എഫ്.ഒ നിർദേശിച്ചിരുന്ന സമയപരിധിക്കുള്ളിൽ തന്നെ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത വിരമിച്ച ജീവനക്കാരുടെ പുതുക്കിയ ശമ്പള വിവരത്തിന് അനുബന്ധമായി വകുപ്പ് പതിനാല് പ്രകാരമുള്ള പലിശയും വകുപ്പ് ഏഴ് (ക്യു) പ്രകാരമുള്ള നഷ്ടപരിഹാര തുകയും അടയ്ക്കാൻ വേണ്ട സമ്മതം ഇ.പി.എഫ്.ഒ.-യെ കെ.എസ്.എഫ്.ഇ. ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ | (ഡി) | കെ.എസ്.എഫ്.ഇ യിൽ വിവിധ കാലഘട്ടങ്ങളിൽ ശമ്പള പരിഷ്കരണ/ ക്ഷാമബത്ത/പ്രൊമോഷൻ എന്നിവയുടെ കുടിശ്ശിക തുക ജീവനക്കാർക്ക് വിതരണം ചെയ്യപ്പോഴെല്ലാം നിയമാനുസൃതമായ ഇ.പി.എഫ്. (E.P.F) വിഹിതം ഇതിൽ നിന്നും ഈടാക്കി തൊഴിലുടമയുടെ (കമ്പനിയുടെ) വിഹിതമടക്കം ചേർത്ത് നിർദ്ദിഷ്ട |

| | | | |
|---|---|---|---|
| | അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | സമയപരിധിയ്ക്കുള്ളിൽ തന്നെ ജീവനക്കാരുടെ ഇ.പി.എഫ്/ ഇ.പി.എസ് അക്കൗണ്ടുകളിലേയ്ക്ക് അടയ്ക്കുകയും ചെയ്തിട്ടുള്ളതിനാൽ വകുപ്പ് 7 (ക്യു), 14 എന്നിവ പ്രകാരമുള്ള പലിശയും, നഷ്ട പരിഹാരതുകയും അടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ